**കേരള ഇലക്ട്രിസിറ്റി എംപ്ളോയീസ് കോൺഫെഡറേഷൻ (ഐ.എൻ.റ്റി.യു.സി)**
**രജി.നമ്പർ 01-14/87 – അഫി : നമ്പർ 10485**
**വി.പി മരയ്ക്കാർ സ്മാരകമന്ദിരം, അംബുജവിലാസം റോഡ്**
**തിരുവനന്തപുരം –1**

| പ്രസിഡന്റ് | ജനറൽ സെക്രട്ടറി (ഇൻ ചാർജ്) |
|---|---|
| കെ.പി.ധനപാലൻ Ex.MP | കെ.സി.രാജൻ |

തിരുവനന്തപുരം
03.01.2018

നമ്പർ. 1/2018

**സർക്കുലർ**

സുഹൃത്തേ,

20.01.2018 ശനിയാഴ്ച കോഴിക്കോട് ഹോട്ടൽ അളകാപുരി ഓഡിറ്റോറിയത്തിൽ ചേർന്ന സംസ്ഥാന വർക്കിംഗ് കമ്മിറ്റിയുടെ മിനിറ്റ്സ്.

പ്രസിഡന്റ് കെ.പി.ധനപാലന്റെ അദ്ധ്യക്ഷതയിൽ രാവിലെ 11 ന് ആരംഭിച്ച യോഗത്തിൽ ഷാഹുൽ ഹമീദ് സ്വാഗതം പറഞ്ഞു. തുടർന്ന് സംസാരിച്ച പ്രസിഡന്റ് അച്ചടക്കം സംഘടനയുടെ പ്രവർത്തനത്തിന് അത്യാവശ്യമാണെന്നും അത് പാലിക്കണമെന്നും ഓർമ്മിപ്പിച്ചു. കേന്ദ്ര ഗവൺമെന്റിനെതിരെയുള്ള സംയുക്ത സമരത്തിനൊടൊപ്പം സംസ്ഥാന ഗവൺമെന്റിന്റെയും ബോർഡിന്റെ തെറ്റായ നയങ്ങൾക്കെതിരെ സംയുക്തമായി പ്രതികരിക്കണമെന്ന് ആവശ്യപ്പെട്ടു. 23.1.2018 ൽ വിളിച്ചിട്ടുള്ള സംയുക്ത പ്രക്ഷോഭ ആലോചനാ യോഗത്തിൽ പങ്കെടുക്കണമെന്നും നമ്മുടെ നിലപാടുകൾ അറിയിക്കണമെന്നും INEWF കേന്ദ്ര നേതൃത്വത്തിന്റെ അഭിപ്രായം ആരായണമെന്നും നിർദ്ദേശിച്ചു. തുടർന്ന് നടന്ന ചർച്ചയിൽ താഴെപ്പറയുന്ന തീരുമാനങ്ങൾ എടുത്തു. 36 വർക്കിംഗ് കമ്മിറ്റി അംഗങ്ങൾ യോഗത്തിൽ പങ്കെടുത്തു. അജണ്ടയിലുള്ള ഓരോ വിഷയങ്ങളും ചർച്ച ചെയ്തു.

**1. സംയുക്ത പ്രക്ഷോഭം**

വൈദ്യുതി ബോർഡിനെ സംബന്ധിക്കുന്ന നിരവധി വിഷയങ്ങൾ ഇപ്പോഴുമുണ്ട്. KFone ബാദ്ധ്യത - KIFBI Loan, ട്രാൻസ്ഫറിലെ അപാകതകൾ ഇതിനെതിരെയും സംയുക്തമായി പ്രക്ഷോഭം നടത്തണമെന്നും 23.01.2018 ന് വിളിച്ചിട്ടുള്ള സംയുക്ത ചർച്ചയിൽ ഇക്കാര്യം ഉന്നയിക്കണമെന്നും തീരുമാനിച്ചു. ചർച്ചയ്ക്കായി കെ.സി.രാജൻ, ജോസ് ഫിലിപ്പ്, സുധീർകുമാർ, എ.ഷാജി എന്നിവരെ ചുമതലപ്പെടുത്തി. INTUC യുടെ വൈദ്യുതി മേഖലയിലെ ദേശീയ സംഘടനയായ INEWF ഇപ്പോൾ NCCOEEE പ്രവർത്തനങ്ങളിൽ സഹകരിക്കുന്നതുമായി ബന്ധപ്പെട്ട സർക്കുലറിന്റെ കോപ്പി ആവശ്യപ്പെടുവാനും ഭാരവാഹികളെ ചുമതലപ്പെടുത്തി. നമ്മുടെ നിലപാടുകളുമായി യോജിക്കുന്നില്ലായെങ്കിൽ കേന്ദ്ര സംസ്ഥാന ഗവൺമെന്റുകളുടെ തൊഴിലാളി ദ്രോഹ നടപടികൾക്കെതിരെ കോൺഫെഡറേഷന്റെ നേതൃത്വത്തിൽ തൊഴിലാളികൾ, ആഫീസർമാർ, പെൻഷനേഴ്സ്, കരാർ തൊഴിലാളികൾ എന്നിവരെ ഉൾപ്പെടുത്തി. സംസ്ഥാനതല കൺവെൻഷനോ മേഖല/ജില്ലാ/ഡിവിഷൻ തല പ്രതിഷേധങ്ങളും നടക്കണം.

**2. മാസവരി കുടിശ്ശികകൾ**

2017 വർഷത്തെ മാസവരി ഫെബ്രുവരി 10 നുമുമ്പ് ശേഖരിക്കാൻ തീരുമാനിച്ചു. delegate fee യുടെ ബാക്കി തരാനുള്ള കമ്മിറ്റികൾ ഉടൻ എത്തിക്കുവാനും തീരുമാനിച്ചു.

3. അച്ചടക്ക ലംഘനം

അച്ചടക്ക ലംഘനം നടത്തിയവർക്കെതിരെ നടപടി വേണമെന്ന് ഭൂരിപക്ഷം അംഗങ്ങളും ആവശ്യപ്പെട്ടുവെങ്കിലും തൽക്കാലം വേണ്ടായെന്നുള്ള പ്രസിഡന്റിന്റെ നിർദ്ദേശം തീരുമാനമായി. അച്ചടക്കലംഘനം വച്ച് പൊറുപ്പിക്കില്ലായെന്നുള്ള തന്റെ വാക്കുകൾ അച്ചടക്ക ലംഘനം നടത്തിയവർ ശാസനയായി കണക്കാക്കണമെന്നും പ്രസിഡന്റ് പറഞ്ഞു.

വനിതാ വേദിയുടെ ചാർജ് എസ്.എൻ.നുസുറയിൽ നിന്നും മാറ്റുവാൻ തീരുമാനിച്ചു. വനിതാവേദി സംസ്ഥാന അദ്ധ്യക്ഷയുടെ അഭിപ്രായമനുസരിച്ച് മറ്റൊരാളെ പിന്നീട് ചാർജ് ഏൽപ്പിക്കുവാനും തീരുമാനിച്ചു.

4. ബോർഡുതലത്തിലുള്ള ചർച്ചകളിൽ പങ്കെടുക്കുവാൻ സംസ്ഥാന ഭാരവിഹികൾക്കൊപ്പം കെ.എൻ.മോഹനൻ, വി.സുധീർകുമാർ, പ്രദീപ്കുമാർ എസ്, ശ്രീകുമാർ ബി എന്നിവരെക്കൂടി ചുമതലപ്പെടുത്തി. ജനറൽ സെക്രട്ടറി പറയുന്ന ആളുകൾ മാത്രമേ ചർച്ചയിൽ പങ്കെടുക്കാവൂ എന്ന് തീരുമാനിച്ചു. ചർച്ചക്ക് മുമ്പ് പങ്കെടുക്കുന്നവർ യൂണിയൻ ഓഫീസിൽ ഒത്തിരുന്ന് വിഷയങ്ങൾ ചർച്ച ചെയ്ത് ഏകാഭിപ്രായത്തോടെ യൂണിയന്റെ അഭിപ്രായം മാത്രമേ ചർച്ചയിൽ അവതരിപ്പിക്കാൻ പാടുള്ളുയെന്നും തീരുമാനിച്ചു.

5. യൂണിയനാഫീസിലെ സ്റ്റാഫുകളെ ട്രസ്റ്റിന്റെ സ്റ്റാഫാക്കി മാറ്റുവാൻ അനുവാദം നൽകി.

6. നിലവിലുള്ള എല്ലാ വിഷയങ്ങളും ഉൾക്കൊള്ളിച്ച് ഒരു ലഘുലേഖ പുറത്തിറക്കാൻ തീരുമാനിച്ചു. ഇതിലേയ്ക്കായി സിബിക്കുട്ടി ഫ്രാൻസിസ്, കെ.സി.രാജൻ, എം.വി.മനോജ് എ.ഷാജി, സതീഷ് കുമാർ, ഷൈജു എന്നിവരെ ചുമതലപ്പെടുത്തി.

7. വർക്കിംഗ് അറേഞ്ച്മെന്റ് നിർത്തുവാൻ കത്ത് കൊടുക്കാൻ തീരുമാനിച്ചു

8. വർക്കിംഗ് കമ്മിറ്റി അംഗങ്ങൾക്ക് മാത്രമായി ഒരു Whatsapp ഗ്രൂപ്പ് ഉണ്ടാക്കുവാനും അതിന്റെ ചർജ് റിയാസിനെ ഏൽപ്പിക്കാനും തീരുമാനിച്ചു.

9. പ്രതിനിധി സമ്മേളനം ഫെബ്രുവരി - മാർച്ച് അവസാനം നടത്തുന്നതിനുള്ള ശ്രമങ്ങൾ നടത്തണമെന്നും അംഗങ്ങളുടെ എണ്ണത്തിനാനുപാതികമായ വിഹിതം ലഭിച്ചിട്ടില്ലായെങ്കിൽ ലിസ്റ്റിൽ അവസാനം വരുന്നവരെ ഒഴിവാക്കി ലിസ്റ്റ് പൂർത്തികരിച്ച് സമ്മേളനം നടത്തുവാൻ തീരുമാനിച്ചു.

10. കേന്ദ്ര ഗവൺമെന്റിന്റെ പരിഗണനയിൽ ഇരിക്കുന്ന വൈദ്യുതി നിയമം Amendment Bill വൈദ്യുതി മേഖലയെ തകർക്കുന്നതാണ്. ഇതിനെതിരെയുള്ള പ്രതിഷേധത്തിനും പ്രചരണത്തിനുള്ള ച്ചിലവിനായി ഓരോ ഡിവിഷൻ കമ്മിറ്റിയും 1000 രൂപവച്ച് എടുക്കാൻ തീരുമാനിച്ചു.

കെ.സി.രാജൻ

ജനറൽ സെക്രട്ടറി (ഇൻ ചാർജ്)